## മായിങ്കാനകത്ത് ഉമ്മർ

**കുഞ്ഞാപ്പുവാക്ക** എന്ന് നാട്ടുകാർ സ്നേഹപൂർവം വിളിച്ചിരുന്ന മായിങ്കാനകത്ത് ഉമ്മർ സാഹിബ് അല്ലാഹുവിലേക്ക് യാത്രയായി. തിരൂർ ബി.പി അങ്ങാടി പ്രാദേശിക ജമാഅത്തിലെ കാരണവരായിരുന്ന അദ്ദേഹം വളരെ നേരത്തെ പ്രസ്ഥാനവുമായി ബന്ധപ്പെട്ടിരുന്നു.



പ്രസ്ഥാന പ്രവർത്തനങ്ങളിൽ മരിക്കുന്നതിന്റെ തൊട്ടടുത്ത ദിവസങ്ങളിൽപോലും സജീവമായി പങ്കെടുത്ത ഉമർ സാഹിബ് ഹൽഖയിലെ മുഴുവൻ പേർക്കും മാതൃകയും പ്രചോദനവുമായിരുന്നു. ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് നിർലോഭം സഹായം നൽകുകയും കുടുംബാംഗങ്ങളെയെല്ലാം അതിന് പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. കാൽ നൂറ്റാണ്ടിലധികം തിരൂർ എസ്.എസ്.എം പോളിടെക്നിക്കിൽ ഉദ്യോഗസ്ഥനായിരുന്നു. ഭാര്യയും മക്കളും പ്രസ്ഥാന പ്രവർത്തകരാണ്.

**എ.കെ അശ്റഫ്**

## വി.പി അന്ത്രു ഹാജി



**പഴയകാല** പ്രസ്ഥാന പ്രവർത്തകനും പാലേരി ജമാഅത്തിലെ കാർക്കൂനുമായിരുന്നു വി.പി അന്ത്രുഹാജി. നാട്ടിൽ പ്രസ്ഥാന ഘടകമില്ലാത്തതിനാൽ ആദ്യകാല പ്രവർത്തനം വാണിമേൽ ഘടകത്തിലായിരുന്നു. പിന്നീട് പാലേരിയിൽ വീട് വെച്ച് താമസം അങ്ങോട്ട് മാറ്റിയതോടെ പ്രവർത്തനരംഗവും അവിടെ കേന്ദ്രീകരിച്ചു. ഭാര്യയും ആറ് മക്കളുമടങ്ങുന്നതാണ് അദ്ദേഹത്തിന്റെ കുടുംബം.

**മൂസാ പാലേരി**

## മാലിക് മുഹ്‌യുദ്ദീൻ (മാലിക് സാർ)

**മൂവാറ്റുപുഴക്കാർക്കെല്ലാം** സുപരിചിതനായ മാലിക് സാർ കർമ ജീവിതത്തോട് വിടവാങ്ങി. അര നൂറ്റാണ്ടുകാലം ഇസ്‌ലാമിക പ്രസ്ഥാനത്തിനുവേണ്ടി സജീവമായി പ്രവർത്തിച്ച വ്യക്തിയായിരുന്നു. അറുപതുകളിൽ മൂവാറ്റുപുഴയിലെ ദീനീപ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചിരുന്ന



അൽ മദ്റസത്തുൽ ഇസ്‌ലാമിയയിലെ സാരഥികളായ ഇസ്ഹാഖ് മൗലവി, കെ. അബ്ദുസ്സലാം മൗലവി, ഇ.വി അബ്ദു സാഹിബ് തുടങ്ങിയവർ മാലിക് സാറും ഞാനുമടക്കമുള്ള യുവാക്കളുടെ ഉസ്താദുമാരും സഹപ്രവർത്തകരുമായിരുന്നു. പാട്ടെഴുതുകയും പാടുകയും ചെയ്തിരുന്ന മാലിക് സാറിനോട് കലാകാരനായ ഇ.വിക്ക് പ്രത്യേക അടുപ്പമുണ്ടായിരുന്നു. അര നൂറ്റാണ്ടു മുമ്പ് മൂവാറ്റുപുഴയിൽ സ്ഥാപിതമായ എം.ഐ.ഇ ട്രസ്റ്റിലെ സ്ഥാപകാംഗമായിരുന്നു.

**എം.കെ അലിക്കുഞ്ഞ്, മൂവാറ്റുപുഴ**

## സി.പി ബീരാൻകുട്ടി (കുട്ട്യാക്ക)

**കൊണ്ടോട്ടി** അബ്ദുറഹ്മാൻ സാഹിബിന്റെ നേതൃത്വത്തിൽ പ്രസ്ഥാന പ്രവർത്തനമാരംഭിച്ച കാലത്ത് തന്നെ പ്രസ്ഥാനത്തിന്റെ ഭാഗമായിരുന്നു കുട്ട്യാക്ക. കൊണ്ടോട്ടി കാർക്കൂൻ ഹൽഖാംഗമായിരുന്നു. പ്രസ്ഥാനത്തിന്റെ ആദ്യ നാളുകളിൽ പ്രവർത്തകരിൽ മിക്കവാറും ദരിദ്രരായ ബീഡി തൊഴിലാളികളായിരുന്നു. നേതാക്കൾ ഇടയ്ക്കിടെ ഘടകങ്ങൾ സന്ദർശിച്ചു പ്രവർത്തകരെ വളർത്തിക്കൊണ്ട് വരികയായിരുന്നു.



മുഖ്യമായും പൊതുപ്രഭാഷണങ്ങളായിരുന്നു ആശയ പ്രചാരണത്തിന് സ്വീകരിച്ചിരുന്ന രീതി. കൊണ്ടോട്ടിയിലെത്തുന്ന നേതാക്കൾക്ക് പ്രാഥമിക കൃത്യങ്ങൾ നിർവഹിക്കാൻ സൗകര്യമുണ്ടായിരുന്ന ഒരേയൊരു വീട് കുട്ട്യാക്കയുടേതായിരുന്നു. ഏതവസരത്തിൽ എത്തുന്ന നേതാക്കൾക്കും ആതിഥ്യം നൽകിയിരുന്നത് കുട്ട്യാക്കയായിരുന്നു. അൽ മദ്റസത്തുൽ ഇസ്‌ലാമിയ്യ കമ്മിറ്റി അംഗം, അൻസാറുൽ ഇസ്‌ലാം ചാരിറ്റബിൾ ട്രസ്റ്റ് സ്ഥാപകാംഗം, അൻസാറുൽ ഇസ്‌ലാം അസോസിയേഷൻ അംഗം, മസ്ജിദുൽ ഇഹ്സാൻ കമ്മിറ്റി അംഗം എന്നീ നിലകളിൽ അദ്ദേഹം സ്തുത്യർഹമായ സേവനം ചെയ്തിട്ടുണ്ട്. നല്ലൊരു കർഷകൻ കൂടിയായിരുന്നു കുട്ട്യാക്ക. മസ്ജിദുൽ ഇഹ്സാൻ കോമ്പൗണ്ടിൽ പച്ചക്കറി കൃഷി ചെയ്ത് പള്ളിക്ക് വരുമാനമുണ്ടാക്കിയിരുന്നു. സുഹൃത്തുകൾക്ക് ഉപകാരമുള്ള എന്തെങ്കിലും ചെടി സമ്മാനിക്കുന്നത് അദ്ദേഹത്തിന് ഏറെ സന്തോഷമുള്ള കാര്യമായിരുന്നു. മർക്കസുൽ ഉലൂം ഇംഗ്ലീഷ് സ്കൂളിൽ പടർന്ന് പന്തലിച്ചു നിൽക്കുന്ന ഞാവൽമരം അദ്ദേഹത്തിന്റെ നിത്യസ്മാരകമാണ്. ഭാര്യ: ഖദീജ, മക്കൾ: അബ്ദുസ്സലാം, അബ്ദുറഷീദ്, അനീസ്, ഫാത്വിമ, റുഖിയ, സാബിറ.

**ഡോ. കെ.കെ മുഹമ്മദ്**

## എസ്.പി മുഹമ്മദ് കുട്ടി സാഹിബ്

**താനൂർ** തീരദേശ പ്രദേശമായ ചീരാൻ കടപ്പുറത്ത് 1969 മുതൽക്കേ പ്രസ്ഥാനത്തിന്റെ ശബ്ദമെത്തിക്കുന്നതിൽ സജീവ പങ്കാളിത്തം വഹിച്ച വ്യക്തിയാണ് എസ്.പി മുഹമ്മദ്കുട്ടി സാഹിബ്. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ശിർക്ക് ബിദ്അത്തുകളിലും മുഴുകിയിരുന്ന പ്രദേശവാസികളിൽ ധൈര്യത്തോടെ ആത്മാർഥതയോടെ അദ്ദേഹം കർമരംഗത്തേക്കിറങ്ങി. ഒരാളെയും പിണക്കാതെ സ്വതസിദ്ധമായ നർമഭാഷണത്തിലൂടെ അദ്ദേഹം പ്രസ്ഥാനത്തെ കെട്ടിപ്പടുത്തു. വളരെക്കാലം ചീരാൻ കടപ്പുറം കാർക്കൂൻ ഹൽഖാ നാസിമായിരുന്നു. ആ പ്രദേശത്ത് ഒരു പള്ളി പണിയുന്നതിലും അതിന്റെ വരുമാന മാർഗത്തിനുവേണ്ടി കെട്ടിടം പണിയുന്നതിലും സജീവ പങ്കാളിത്തം വഹിച്ചു. താനൂരിൽ പ്രസ്ഥാനത്തിന് തുടക്കമിട്ട വി.എം അബ്ദുൽ ജബ്ബാർ മൗലവി, ഹസ്സൻ റിസ്സാ സാഹിബ്, വി.വി.കെ അബ്ദുൽ ഖാദർ മൗലവി തുടങ്ങിയ നേതാക്കളുമായി സഹകരിച്ച് പ്രവർത്തിച്ചിരുന്നു. ഭാര്യയും എട്ടു ആൺമക്കളുമുണ്ട്.



**സി.പി.എം ബാവ താനൂർ**

*അല്ലാഹു പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.*